LIBRARY ARCHIVES Kerala Legislative Assembly

ചക്കരക്കൽ പോലീസ് സ്റ്റേഷനിലെ സ്ഫോടനം മൂലമുണ്ടായ നാശനഷ്ടം

24 [2504] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചക്കരക്കൽ പോലീസ് സ്റ്റേഷനിൽ 2001 ഒക്ടോബർ 4-ാം തീയതിയുണ്ടായ സ്ഫോടനത്തെത്തുടർന്ന് പരിസരത്തെ വീടുകൾക്കും കടകൾക്കും ഉണ്ടായിട്ടുള്ള നഷ്ടം എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വീടുകൾക്കും കടകൾക്കും നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സമെന്താണെന്ന് അറിയിക്കാമോ;

(ഡി) നഷ്ടപരിഹാരം എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4,40,656 (നാല് ലക്ഷത്തി നാൽപ്പതിനായിരത്തി അറുന്നൂറ്റി അമ്പത്തിയാറ്) രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. 28-3-2003-ലെ സർക്കാർ ഉത്തരവ് നം. ജി. ഒ. (ആർ.ടി.) 511/2003/ ആഭ്യന്തരം പ്രകാരം പ്രസ്തുത തുക നൽകാൻ ഉത്തരവായി. ഉത്തരവിന്റെ കോപ്പി ഉള്ളടക്കം ചെയ്തിട്ടുണ്ട്. †

(സി) ഇല്ല. ചില സാങ്കേതിക കാരണങ്ങളാൽ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.

(ഡി) ഉടൻ തന്നെ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

ഭവനഭേദനം, മോഷണം, കൊലപാതകം എന്നിവയ്ക്കെതിരെ നടപടി

25 [2505] ശ്രീ. പിരപ്പൻകോട് മുരളി:
" ടി. പി. രാമകൃഷ്ണൻ:
" സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനഭേദനവും, മോഷണവും, കൊലപാതകങ്ങളും വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.